LIBRARY ARCHIVES Kerala Legislative Assembly

മാവൂർ തെങ്ങിലക്കടവിൽ കാൻസർ ചികിത്സാ കേന്ദ്രം

209 (221) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ തെങ്ങിലക്കടവിൽ കാൻസർ ചികിത്സാകേന്ദ്രം ആരംഭിക്കുന്നതിന് 2010-ൽ സർക്കാരിലേയ്ക്ക് സൗജന്യമായി വിട്ടുകിട്ടിയ ആറര ഏക്കർ സ്ഥലവും ബഹുനില കെട്ടിടവും ഉപയോഗപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

6-2-2021-ന് കോഴിക്കോട് ജില്ലാ കളക്ടറുടെ ചേംബറിൽ ചേർന്ന യോഗത്തിൽ തെങ്ങിലക്കടവ് കാൻസർ ചികിത്സാ കേന്ദ്രം ആരംഭിക്കുന്നതിന് താഴെപ്പറയുന്ന തീരുമാനങ്ങളെടുത്തു:

1. ആവശ്യമായ നിർമ്മാണ പ്രവൃത്തികൾ തുടങ്ങുന്നതിനുവേണ്ടി പി.ഡബ്ല്യു.ഡി.-യെ ചുമതലപ്പെടുത്തി.
2. കാൻസർ സെന്റർ പൂർണ്ണമായും കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ നിയന്ത്രണത്തിലായിരിക്കുമെന്നും ഈ പദ്ധതിയുമായി ബന്ധപ്പെട്ടുവരുന്ന എല്ലാ പ്രവൃത്തികളുടെയും മേൽനോട്ടം പ്രിൻസിപ്പാൾ നടത്തേണ്ടതാണെന്നും തീരുമാനിച്ചു.
3. കാൻസർ കെയർ സെന്ററിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സ്റ്റാഫിനെ നിയമിക്കാനും മറ്റ് അനുബന്ധ പദ്ധതികൾ സമർപ്പിക്കാനും കോഴിക്കോട് ജില്ലാ പഞ്ചായത്തിനെയും എൻ.എച്ച്.എം.-നെയും ഏൽപ്പിക്കാൻ തീരുമാനിച്ചു.

കോവിഡ് വാക്സിൻ വിതരണവും ബ്ലാക്ക് ഫംഗസ് രോഗം തടയാനുള്ള മുൻകരുതലും

210 (222) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് വാക്സിൻ വാങ്ങുന്നതിനായി ഏതെങ്കിലും മരുന്ന് കമ്പനികളുമായി സർക്കാർ കരാർ ഒപ്പുവച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

സംസ്ഥാന സർക്കാരുകൾക്ക് നൽകാൻ, മരുന്ന കമ്പനികൾ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ ഭാരത് ബയോടെക് ഇന്റർനാഷണലിൽനിന്നും കോവാക്സിനും, സിറം

LIBRARY ARCHIVES Kerala Legislative Assembly

ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നും കോവിഷീൽഡും സംഭരിക്കുന്നതിനായി ഭാരത് ബയോടെക് ഇന്റർനാഷണൽ എന്ന കമ്പനിക്ക് 273860 ഡോസ് കോവാക്സിന്റെ വിതരണ ഉത്തരവ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നൽകിയതിൽ 137580 ഡോസ് കോവാക്സിന്റെ വിതരണം പൂർത്തിയാക്കിയിട്ടുണ്ട്. സിറം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലൈഫ് സയൻസസ് പ്രൈവറ്റ് ലിമിറ്റഡിന് 1204960 ഡോസ് കോവിഷീൽഡിനുള്ള വിതരണോത്തരവ് നൽകിയതിൽ 746710 ഡോസ് കോവിഷീൽഡിന്റെ വിതരണം പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് കോവിഡ് വാക്സിൻ സൗജന്യമായി നൽകാൻ തീരുമാനിച്ചിട്ടുണ്ടോ?

കേരളത്തിൽ സൗജന്യമായാണ് സർക്കാർ വാക്സിനേഷൻ നടത്തിവരുന്നത്.

(സി) കോവിഡ് വാക്സിനുകൾ ലഭിക്കുന്നതിന് ക്ഷാമം നേരിടുന്നുണ്ടോ; ഇതുവരെ കേരളത്തിൽ എത്ര പേർക്ക് സർക്കാർ ചെലവിൽ കോവിഡ് വാക്സിനേഷൻ നൽകിയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തിന്റെ ആവശ്യകതയ്ക്കനുസൃതമായ വാക്സിൻ നിലവിൽ ലഭ്യമാകുന്നില്ല. 4-6-2021 വൈകുന്നേരം 6 മണി വരെ 9117211 പേർക്ക് വാക്സിനേഷൻ നൽകി.

(ഡി) കേരളത്തിൽ ബ്ലാക്ക് ഫംഗസ് രോഗം പടർന്നുപിടിക്കുന്നത് തടയുന്നതിനായി സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

കേരളത്തിൽ ബ്ലാക്ക് ഫംഗസ് രോഗം പടർന്നുപിടിക്കുന്നത് തടയുന്നതിനായി സർക്കാർ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബ്ലാക്ക് ഫംഗസ് (മ്യൂക്കർ മൈക്കോസിസ്) എന്ന രോഗബാധയെ Notifiable Disease ആയി സംസ്ഥാനം പ്രഖ്യാപിച്ചിട്ടുണ്ട്. 5 തരത്തിലുള്ള മ്യൂക്കർ മൈക്കോസിസ് രോഗബാധയാണ് കണ്ടെത്തിയിട്ടുള്ളത്. ഇത്തരം 5 അവസ്ഥയിലുള്ള രോഗലക്ഷണങ്ങളും, അവ ചികിത്സിക്കേണ്ട രീതികളും പ്രതിപാദിച്ചുകൊണ്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 16-5-2021-ൽ ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് മുൻനിർത്തിയുള്ള നിരവധി പരിശീലന പരിപാടികളും സംഘടിപ്പിച്ചുവരുന്നുണ്ട്. ആശുപത്രികളിൽനിന്നും വീടുകളിൽനിന്നും ഫംഗസ് രോഗം പിടിപെടാനിടയുള്ള മറ്റ് സാഹചര്യങ്ങളെപ്പറ്റിയും പൊതുജനങ്ങളെയും ജീവനക്കാരെയും ബോധവൽക്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തിവരുന്നു. ആശുപത്രികളിൽ ഇൻഫെക്ഷൻ കൺട്രോൾ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കുകയും ആയതിൻ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തി വരികയും ചെയ്യുന്നു. കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന മ്യൂക്കർ മൈക്കോസിസ് രോഗങ്ങളെപ്പറ്റി വിശദമായ പഠനങ്ങൾക്കായി വിവിധ മേഖലകളിലെ ആരോഗ്യ വിദഗ്ധരെ ഉൾക്കൊള്ളിച്ചുകൊണ്ട് 27-5-2021-ന് സർക്കാർ തലത്തിൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. രോഗ-ചികിത്സയ്ക്കാവശ്യമായ മരുന്നുകളുടെ ലഭ്യത ഉറപ്പാക്കുന്നതിനുവേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ട്. രോഗ നിർണ്ണയത്തിന്റെയും ചികിത്സയുടെയും ഏകോപനത്തിനും മേൽനോട്ടത്തിനുമായി എല്ലാ സർക്കാർ മെഡിക്കൽ കോളേജിലും നോഡൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്.

(ഇ) ബ്ലാക്ക് ഫംഗസ് രോഗ ചികിത്സയ്ക്കുവേണ്ടിയുള്ള മരുന്നിന് കേരളത്തിൽ ക്ഷാമം നേരിടുന്നുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ബ്ലാക്ക് ഫംഗസ് രോഗ ചികിൽസയ്ക്ക് ഉപയോഗിക്കുന്ന ലിപ്പോസോമൽ ആംഫോടെറസിൻ ബി എന്ന ആന്റി ഫംഗൽ മരുന്ന് കേന്ദ്രസർക്കാരിന് കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഓഫ് ഫാർമസ്യൂട്ടിക്കൽസ് ആണ് സംസ്ഥാനങ്ങൾക്ക് വിതരണം ചെയ്യുന്നത്. രാജ്യമൊട്ടാകെ ബ്ലാക്ക് ഫംഗസ് രോഗബാധ ഉയർന്ന തോതിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ ഈ മരുന്നിന് അഖിലേന്ത്യാ തലത്തിൽ ദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. ഇത്തരത്തിൽ ലഭ്യതക്കുറവ് ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ സംസ്ഥാനത്തിന് ആവശ്യമായ വിഹിതം ആവശ്യപ്പെട്ടുകൊണ്ട് ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഡിപ്പാർട്ട്മെന്റ് ഓഫ് ഫാർമസ്യൂട്ടിക്കൽസിനും കേന്ദ്ര ആരോഗ്യ വകുപ്പിനും കത്ത് നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മരുന്നിന്റെ ലഭ്യതയനുസരിച്ച് കേരള സംസ്ഥാനത്തിനുള്ള വിഹിതം ഡിപ്പാർട്ട്മെന്റ് ഓഫ് ഫാർമസ്യൂട്ടിക്കൽസ് അനുവദിച്ച് നൽകുന്നുണ്ട്.

കോവിഡ് വാക്സിൻ സംബന്ധിച്ച്

211 (223) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒന്നും രണ്ടും ഡോസ് കോവിഡ് വാക്സിൻ സ്വീകരിച്ചവരുടെ എണ്ണവും അവരിൽ എത്രപേർ കോവിഡ് ബാധിച്ച് മരണപ്പെട്ടുവെന്നും ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ?